(ബി) കാസർഗോഡ് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് ശ്രീ. സി. ടി. അഹമ്മദ് അലി എം.എൽ.എ., ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ. എന്നിവർ കത്തുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

(സി) ഈ ആവശ്യത്തിനായി ഫണ്ട് വകയിരുത്തിയിട്ടില്ല.

അതിരപ്പിള്ളി ടെസ്റ്റ്-എ-ബ്രേക്ക് പദ്ധതി

358(2827) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(

എ) സംസ്ഥാന വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്ന 'ടെസ്റ്റ്-എ-ബ്രേക്ക്' പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്ത് വക ദേശീയ പാതയോട് ചേർന്ന സ്ഥലത്ത് ആധുനിക ടോയ്ലെറ്റ് സൗകര്യങ്ങളോടുകൂടിയ വിശ്രമകേന്ദ്രം പണിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ബി) അതിരപ്പിള്ളിയിലെ മലക്കപ്പാറയിൽ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് 'ടെസ്റ്റ് എ ബ്രേക്ക് പദ്ധതി' നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളത് എന്നും എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നും അറിയിക്കാമോ ?

ഉത്തരം

(എ) നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള ടേക്ക്-എ-ബ്രേക്ക് യൂണിറ്റുകളിൽ ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്ത് വക സ്ഥലം ഉൾപ്പെട്ടിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊരട്ടി, കേരള കലാമണ്ഡലത്തിന് സമീപമുള്ള ഡി.റ്റി.പി.സി. വക സ്ഥലം, ചാലക്കുടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ പേരാമ്പ്ര വില്ലേജിലുള്ള സ്ഥലം, അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറയിലുള്ള സ്ഥലം എന്നിവയ്ക്കാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്. ഇതിൽ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ ടേക്ക് എ ബ്രേക്ക് യൂണിറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

മുഴപ്പിലങ്ങാട് ബീച്ചിലെ കെ.ടി.ഡി.സി. ഹോട്ടൽ നിർമ്മാണം

359(2828) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴപ്പിലങ്ങാട് ബീച്ചിൽ കെ.ടി.ഡി.സി. നിർമ്മിക്കുന്ന ഹോട്ടലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർണ്ണമായും പൂർത്തിയായിട്ടില്ല.

(ബി) കെ.ടി.ഡി.സി. ഏറ്റെടുത്ത സ്ഥലത്ത് ചെന്നെത്തുന്നതിലേക്കായി പൊതുവഴി നിലവിലില്ല. കൂടാതെ തദ്ദേശവാസികളുടെ സ്വകാര്യ വഴിയിൽക്കൂടി നിർമ്മാണസാമഗ്രികൾ എത്തിക്കുന്നതിന് തദ്ദേശവാസികൾ തടസ്സം നിൽക്കുന്നു.

(സി) ഈ തടസ്സങ്ങൾ നീക്കിക്കിട്ടുന്നതിനായി ബീച്ച് വഴി കെ.ടി.ഡി.സി.-യുടെ വസ്തുവിൽ പ്രവേശിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2581-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly